# കേരള നിയമസഭ
# 31.01.2014–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം
2014 ജനുവരി 31, വെള്ളി
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ– 253)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ഊർജ്ജ വകുപ്പുമന്ത്രി | 3774 മുതൽ 3838 വരെ |
| സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി | 3839 മുതൽ 3872 വരെ |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | 3873 മുതൽ 3932 വരെ |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | 3933 മുതൽ 3998 വരെ |
| പട്ടികവർഗ്ഗക്ഷേമവും യുവനജകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | 3999 മുതൽ 4026 വരെ |

## 2003–ലെ വൈദ്യുതി നിയമം

3774

ശ്രീ. എ. എം. ആരിഫ്
,, എം. ചന്ദ്രൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിയമം, 2003 ഭേദഗതി ചെയ്യാനുള്ള കേന്ദ്ര സർക്കാർ നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭേദഗതി നിർദ്ദേശം സംബന്ധിച്ച് സംസ്ഥാനം കേന്ദ്ര സർക്കാരിനെ എന്തെങ്കിലും അഭിപ്രായം അറിയിച്ചിട്ടുണ്ടോ;

(സി) വൈദ്യുതി വിതരണ മേഖലയെ വിതരണം, പ്രസരണം എന്നിങ്ങനെ രണ്ടായി വിഭജിക്കുന്നത് അടക്കമുള്ള നിർദ്ദേശങ്ങൾ കേരളത്തിന്റെ വൈദ്യുതി വികസനത്തിന് ഗുണകരമാണോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>കേന്ദ്ര പൂളിൽ നിന്നും സംസ്ഥാനത്തിന് ലഭ്യമായ വൈദ്യുതി</u>

3775 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2006 മുതൽ ഓരോ വർഷവും ഉൽപ്പാദിപ്പിച്ച വൈദ്യുതിയുടെ അളവ് എത്രയാണ്;

(ബി) 2006 മുതൽ കേന്ദ്ര പൂളിൽ നിന്നും സംസ്ഥാനത്തിന് എത്ര യൂണിറ്റ് വൈദ്യുതിയാണ് ഓരോ വർഷവും ലഭ്യമായത്;

(സി) സംസ്ഥാനത്തിന് ഇപ്പോൾ പ്രതിദിനം എത്ര യൂണിറ്റ് വൈദ്യുതിയാണ് ആവശ്യമായിട്ടുള്ളത്;

(ഡി) സംസ്ഥാനത്തിന് ആവശ്യമായ വൈദ്യുതി കേന്ദ്രത്തിൽ നിന്നും ലഭ്യമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>പൂർത്തീകരിക്കാനുള്ള വൈദ്യുത പദ്ധതികൾ</u>

3776 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എത്ര വൈദ്യുത ഉത്പാദനപദ്ധതികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇവ ഓരോന്നും എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 31.01.2014–ലെ മറുപടിക്ക്

<u>വൈദ്യുതി സപ്ലൈ കോഡ് പരിഷ്ക്കരണം</u>

3777

ശ്രീ. കെ. മുരളീധരൻ
,, ബെന്നി ബെഹനാൻ
,, ആർ. സെൽവരാജ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി സപ്ലൈ കോഡ് പരിഷ്ക്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം മാറ്റങ്ങളാണ് പരിഷ്ക്കരിച്ച സപ്ലൈ കോഡിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഗാർഹിക വൈദ്യുതി ഉപഭോക്താക്കൾക്ക് അനുകൂലമായതും അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും എന്തെല്ലാം വ്യവസ്ഥകളാണ് സപ്ലൈ കോഡിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പുതിയ സപ്ലൈ കോഡ് എന്നത്തേയ്ക്ക് നിലവിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>ഊർജ്ജ മേഖലയിൽ നടപ്പാക്കാൻ പ്രഖ്യാപിച്ച പദ്ധതികൾ</u>

3778 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഭരണകാലത്ത് 2011-2012, 2012-13, 2013-14 ബജറ്റുകളിൽ ഊർജ്ജ മേഖലയിൽ നടപ്പാക്കാൻ പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാം;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്; ഏതെല്ലാം പൂർത്തിയാക്കിയിട്ടുണ്ട്; വിശദമായി വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 31.01.2014–ലെ മറുപടിക്ക്

<u>സമ്പൂർണ്ണ വൈദ്യുതീകരണം</u>

3779 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയ മണ്ഡലങ്ങൾ ഏതെല്ലാമാണ് ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം സമ്പൂർണ്ണവൈദ്യുതീകരണം നടപ്പിലാക്കിയ മണ്ഡലങ്ങളിൽ ആ നിലവാരം നിലനിർത്തുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് പറയാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് സമ്പൂർണ്ണവൈദ്യുതീകരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

വൈദ്യുതി നിയന്ത്രണം

3780

ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പവർകട്ട് ഒഴിവാക്കുന്നതിനുള്ള മുൻകരുതലുകൾ ബോർഡ് സ്വീകരിക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>ഊര്‍ജ്ജ ഉല്പാദനം</u>

3781 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യത്തിന്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

നിര്‍മ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികള്‍ ഓരോന്നില്‍ നിന്നും എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്; വിശദാംശം നല്‍കാമോ?

**കേരള നിയമസഭ**
**31.01.2014–ലെ മറുപടിക്ക്**

<u>വൈദ്യുതി ഉപയോഗവും ഉത്പാദനവും</u>

3782 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രതിദിന വൈദ്യുത ഉല്പാദനത്തിൽ തെർമൽ, ഡീസൽ പ്ലാന്റുകളിൽ നിന്നും എത്ര ദശലക്ഷം യൂണിറ്റ് ലഭിക്കുന്നു; വ്യക്തമാക്കുമോ;

(ബി) നിലവിൽ പുറമെ നിന്നും ശരാശരി പ്രതിദിനം എത്ര ദശലക്ഷം യൂണിറ്റ് വാങ്ങുന്നുണ്ട്; യൂണിറ്റിന് എത്ര രൂപാ നിരക്കിലാണ് വാങ്ങുന്നത്, വ്യക്തമാക്കുമോ;

(സി) 2013 ന് മെച്ചപ്പെട്ട കാലവർഷം കിട്ടിയിട്ടും ഈ വർഷവും പരീക്ഷ സമയത്ത് ലോഡ് ഷെഡിംഗിന് വൈദ്യുതി ബോർഡിൽ നിന്നും നീക്കം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>വൈദ്യുത വിതരണ മേഖല ശക്തിപ്പെടുത്തുന്നതിന് കർമ്മ പദ്ധതി</u>

3783 ശ്രീ. വർക്കല കഹാർ
,, റ്റി. എൻ. പ്രതാപൻ
,, പി. എ. മാധവൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണ മേഖല ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം തരം സബ്സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടേയും നിർമ്മാണമാണ് പൂർത്തിയാക്കിയിട്ടുള്ളത്; വിശദമാക്കുമോ?

## കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>വൈദ്യുതി പ്രസരണ മേഖലയുടെ ശാക്തീകരണം</u>

3784 ശ്രീ. കെ. അച്ചുതൻ
'' ജോസഫ് വാഴക്കൻ
'' കെ. ശിവദാസൻ നായർ
'' എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പ്രസരണ മേഖല ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം തരം സബ്സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടേയും നിർമ്മാണമാണ് പൂർത്തിയാക്കിയിട്ടുള്ളത്; വിശദമാക്കുമോ?

## കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>ആർ. എ.പി. ഡി. ആർ.പി പദ്ധതി</u>

3785 ശ്രീ. എ. കെ. ബാലൻ
,, രാജു എബ്രഹാം
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ. എ. പി. ഡി. ആർ. പി (Restructured Accelerated Power Development and Reforms Programme) പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണ്;

(ബി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) പദ്ധതി ഉദ്ദേശിച്ച സമയത്തു തന്നെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ;

(ഡി) ഈ പദ്ധതിയിൽ നിന്നും എന്തെല്ലാം നേട്ടങ്ങളാണ് വൈദ്യുതി മേഖല പ്രതീക്ഷിക്കുന്നത്?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>വേനൽക്കാലത്തെ വൈദ്യുതി നിയന്ത്രണം</u>

3786 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വരുന്ന വേനൽക്കാലത്ത് ലോഡ്ഷെഡിംഗും, പവർകട്ടും ഉൾപ്പെടെയുള്ള വൈദ്യുതി നിയന്ത്രണം വേണ്ടി വരുമോ?

**കേരള നിയമസഭ**
**31.01.2014–ലെ മറുപടിക്ക്**

<u>ലാഭപ്രഭ പദ്ധതി</u>

3787 ശ്രീ. പി. കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായി പ്രഖ്യാപിച്ച ലാഭപ്രഭ പദ്ധതിമൂലം ഉപഭോഗം എത്ര ശതമാനം വരെ കുറയ്ക്കാന്‍ കഴിഞ്ഞിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതിയിന്മേല്‍ നാളിതുവരെയായി എത്ര ഉപഭോക്താക്കള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ട്?

# കേരള നിയമസഭ
## 31.01.2014–ലെ മറുപടിക്ക്

<u>കെ.എസ്.ഇ.ബി.യുടെ നഗരപുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പദ്ധതി</u>

3788 ശ്രീ. പാലോട് രവി
,, വി. ഡി. സതീശൻ
,, കെ. അച്ചുതൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യുടെ നഗരപുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിവരിക്കുമോ ;

(സി) സാർവ്വത്രിക വൈദ്യുതീകരണത്തിന് പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് പദ്ധതി നടത്തിപ്പിനായി ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 31.01.2014–ലെ മറുപടിക്ക്

<u>വൈദ്യുത ചാർജ്ജ് വർദ്ധന</u>

3789 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വിവിധ ഇനങ്ങളിലായി കെ.എസ്.ഇ.ബി എത്ര തവണയാണ് വൈദ്യുതി ചാർജ് വർദ്ധന വരുത്തിയത്; ഏതൊക്കെ വിഭാഗങ്ങളിലായി എത്ര വീതം വർദ്ധനവാണ് വരുത്തിയിട്ടുള്ളത്; ബോർഡിന് ഇതുവഴി എത്ര രൂപയാണ് അധികമായി ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) 2011 മാർച്ചിൽ കെ.എസ്.ഇ.ബി. യുടെ പ്രതിമാസ ശരാശരി വരുമാനം എത്രയായിരുന്നു;

(സി) 2013 ഡിസംബറിൽ കെ.എസ്.ഇ.ബി. യുടെ പ്രതിമാസ ശരാശരി വരുമാനം എത്രയായിരുന്നു;

(ഡി) വൈദ്യുതി നിരക്കുകൾ വർദ്ധിപ്പിച്ചതിലൂടെ ലഭിക്കുന്ന പ്രതിമാസ അധിക വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 31.01.2014–ലെ മറുപടിക്ക്

വൈദ്യുതി ചാർജ്ജ് വർദ്ധന

3790 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>വാട്ടർതീം പാർക്കുകൾ വൈദ്യുതിചാർജിൽ വരുത്തിയ കുടിശ്ശിക</u>

3791 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം, തൃശ്ശൂർ ജില്ലകളിൽ പ്രവർത്തിക്കുന്ന വാട്ടർതീം പാർക്കുകളിൽ ഓരോന്നും 2012-13, 2013-14 വർഷം കെ.എസ്.ഇ.ബി.യിൽ അടച്ച തുക എത്രയാണ്;

(ബി) വൈദ്യുതി ബിൽ ഇനത്തിൽ ഏതെങ്കിലും സ്ഥാപനം കുടിശ്ശിക വരുത്തിയിട്ടുണ്ടോ; ഏതൊക്കെ സ്ഥാപനങ്ങളാണ് കുടിശ്ശിക വരുത്തിയത്; കുടിശ്ശിക തുക എത്രയാണ്;

(സി) പ്രസ്തുത സ്ഥാപനങ്ങൾക്ക് കുടിശ്ശിക തുകയിൽ എന്തെങ്കിലും ഇളവ് നൽകിയിട്ടുണ്ടോ; എന്തു തുകയാണ് ഇളവ് ആയി നൽകിയത്;

(ഡി) ഇത്തരം സ്ഥാപനങ്ങൾക്ക് മറ്റെന്തെങ്കിലും തരത്തിലുള്ള ഇളവ് നൽകിയിട്ടുണ്ടോ; ഏത് തരത്തിലുള്ള ഇളവാണ് നൽകുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 31.01.2014–ലെ മറുപടിക്ക്

<u>മന്ത്രി മന്ദിരങ്ങളിലെ വൈദ്യുതി ചാർജ്</u>

3792 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ് പിരിച്ചെടുക്കുന്നതിൽ ഗുരുതരമായ വീഴ്ച ഉണ്ടായിട്ടുളളതായി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം മുഖ്യമന്ത്രിയുടെയും സഹമന്ത്രിമാരുടെയും ഔദ്യോഗികവസതിയുടെ വൈദ്യുതിചാർജ് എത്ര തുക വീതമാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ ഇതുവരെ അടച്ച തുക എത്രയെന്നും ഏതെല്ലാമെന്നും എത്ര വീതമെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 31.01.2014–ലെ മറുപടിക്ക്

**വൈദ്യുതി കണക്ഷന്‍ നല്‍കുന്നതിന് വികലാംഗര്‍ക്കും അഗതികള്‍ക്കും മുന്‍ഗണന**

3793 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതി കണക്ഷന്‍ നല്‍കുന്നതിന് വികലാംഗര്‍ക്കും അഗതികള്‍ക്കും എന്തെങ്കിലും തരത്തിലുള്ള സൗജന്യങ്ങളോ മുന്‍ഗണനകളോ നല്‍കുന്നുണ്ടോ;

(ബി) ഇല്ലെങ്കില്‍ പ്രസ്തുത വിഭാഗത്തിനായി മുന്‍ഗണന നല്‍കാന്‍ നടപടികള്‍ സ്വീകരിക്കുമോ; വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 31.01.2014–ലെ മറുപടിക്ക്

<u>കാർഷികാവശ്യങ്ങൾക്ക് വൈദ്യുതി ചാർജ്ജിൽ ഇളവ്</u>

3794 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ വൈദ്യുതി ചാർജിൽ ഇളവ് അനുവദിക്കാത്തതിനാൽ കർഷകർക്ക് ഉണ്ടാകുന്ന നഷ്ടം കണക്കിലെടുത്ത് ഇത്തരം പദ്ധതികൾക്ക് ഇളവ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് കൃഷി വകുപ്പുമായും ജലവിഭവ വകുപ്പുമായും ചർച്ചകൾ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ചർച്ചകൾ നടത്തി പ്രശ്ന പരിഹാരത്തിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

ബിനാനി സിങ്ക് കമ്പനിയ്ക്ക് ലോഡ് ഫാക്ടർ ഇൻസെന്റീവ് അനുവദിക്കണമെന്ന ആവശ്യം

3795 ശ്രീ. ഇ. പി. ജയരാജൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. ബാബു എം. പാലിശ്ശേരി
,, എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെങ്കിലും വൈദ്യുതി ഉപഭോക്താവ് താരീഫ് കുറച്ചു തരണമെന്ന് ആവശ്യപ്പെട്ട് റഗുലേറ്ററി കമ്മീഷന് അപേക്ഷ നൽകിയാൽ ആ അപേക്ഷ പരിഗണിച്ച് നടപടികൾ സ്വീകരിക്കാൻ റഗുലേറ്ററി കമ്മീഷന് അധികാരമുണ്ടോ;

(ബി) ലോഡ് ഫാക്ടർ പരിഗണിച്ച് ഇൻസെന്റീവ് നൽകി ചാർജ്ജിൽ കുറവു വരുത്തണം എന്നാവശ്യപ്പെട്ട് ബിനാനി സിങ്ക് കമ്പനി റഗുലേറ്ററി കമ്മീഷന് അപേക്ഷ സമർപ്പിച്ചത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത അപേക്ഷയിൽ റഗുലേറ്ററി കമ്മീഷൻ എന്തു നടപടിയാണ് സ്വീകരിച്ചത്;

(ഡി) ലോഡ് ഫാക്ടർ സംബന്ധിച്ച് വൈദ്യുതി ബോർഡ് റഗുലേറ്ററി കമ്മീഷന് നൽകിയ റിപ്പോർട്ട് ബിനാനി സിങ്ക് കമ്പനിക്ക് പൊതുതെളിവെടുപ്പിന് മുമ്പുതന്നെ ചോർത്തിക്കിട്ടി എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

ബാരാപോൾ ജലവൈദ്യുത നിലയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

3796 ശ്രീ. എസ്. ശർമ്മ
,, കെ.വി.അബ്ദുൾ ഖാദർ
,, ജെയിംസ് മാത്യു
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാരാപോൾ ജലവൈദ്യുത നിലയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന പ്രദേശത്തേക്ക് കർണ്ണാടക വനം വകുപ്പ് അതിക്രമിച്ചുകയറി ജണ്ട കെട്ടിയിട്ടുളളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പദ്ധതിയുടെ നിർമ്മാണത്തെ ബാധിക്കുമോ; പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലുളള സ്ഥിതിയെന്താണ്;

(സി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരുന്നത്; ഇന്നത്തെ നിലയിൽ എപ്പോൾ പൂർത്തിയാകും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 31.01.2014-ലെ മറുപടിക്ക്

ജലആസൂത്രണം കാര്യക്ഷമമാക്കി വൈദ്യുതോൽപാദനം വർദ്ധിപ്പിക്കാൻ നടപടി

3797 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലത്തെ അതിവർഷംമൂലം വൈദ്യുതി വകുപ്പിന് എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള വെള്ളമാണ് മുൻ വർഷത്തെ അപേക്ഷിച്ച് ലഭിച്ചിട്ടുള്ളത്;

(ബി) വകുപ്പിന്റെ ജല ആസൂത്രണ പിഴവുമൂലം എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള വെള്ളമാണ് ഈ വർഷം നഷ്ടപ്പെട്ടിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇതുമൂലം വകുപ്പിന് ഉണ്ടായിട്ടുള്ള നഷ്ടം എത്ര രൂപയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
## 31.01.2014–ലെ മറുപടിക്ക്

<u>വൈദ്യുതിയുടെ പ്രതിവർഷ ആവശ്യകത</u>

3798

ശ്രീ. സി. ദിവാകരൻ
,, ചിറ്റയം ഗോപകുമാർ
,, പി. തിലോത്തമൻ
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതിയുടെ പ്രതിവർഷ ആവശ്യകതയുടെ അളവ് എത്ര; ഇതിൽ ജലവൈദ്യുത പദ്ധതികളുടെ ഉല്പാദന ശേഷി എത്രയാണ്; പുറത്തുനിന്നും വാങ്ങുന്ന വൈദ്യുതിയുടെ അളവെത്ര;

(ബി) പ്രതിവർഷം കൂടുതലായി വേണ്ടി വരുന്ന വൈദ്യുതിയുടെ അളവ് എത്രയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>ചെറുകിട ജലവൈദ്യുതി പദ്ധതികൾ</u>

3799 ശ്രീ. ലൂഡി ലൂയിസ്
'' എം. എ. വാഹീദ്
'' തേറമ്പിൽ രാമകൃഷ്ണൻ
'' ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട ജലവൈദ്യുതി പദ്ധതികൾ കമ്മീഷൻ ചെയ്യുന്നതിന് ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഏതെല്ലാം പദ്ധതികളാണ് ഇക്കാലത്ത് കമ്മീഷൻ ചെയ്തിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതു വഴി എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉൽപ്പാദിക്കപ്പെട്ടത്; വിശദമാക്കുമോ;

(ഡി) പദ്ധതികൾ കമ്മീഷൻ ചെയ്യാൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 31.01.2014–ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ ആരംഭിയ്ക്കാനുദ്ദേശിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ</u>

3800 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതികളുടെ പ്രവൃത്തികൾ ആരംഭിക്കുന്നത് നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതികൾക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>ട്രാൻസ്മിഷൻ സബ് സ്റ്റേഷൻ</u>

3801 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 മെയ് മാസത്തിനു ശേഷം എത്ര ട്രാൻസ്മിഷൻ സബ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്;

(ബി) എവിടെയെല്ലാമാണ് സബ് സ്റ്റേഷനുകൾ ആരംഭിച്ചത്; വ്യക്തമാക്കാമോ;

(സി) എത്ര സബ്സ്റ്റേഷനുകൾക്കുള്ള ശുപാർശകളാണ് വൈദ്യുത ബോർഡിന്റെ പരിഗണനയിലുള്ളത്; അവ ഏതെല്ലാം?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>അങ്കമാലി മഞ്ഞിക്കാട്-ദേവഗിരി കുടിവെള്ള പദ്ധതിക്ക് വൈദ്യുതി ചാർജ്ജിൽ ഇളവ്</u>

3802 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയുടെ കുടിവെള്ള വിതരണം നടക്കാത്ത പ്രദേശങ്ങളിൽ എം. എൽ. എ. ഫണ്ടും എം. പി. ഫണ്ടും വിനിയോഗിച്ച് പ്രവൃത്തിക്കുന്ന പ്രാദേശിക കുടിവെള്ള പദ്ധതികൾക്ക് വൈദ്യുത ചാർജ് ഇളവ് നൽകുന്ന കാര്യം പരിഗണിക്കാമോ;

(ബി) അങ്കമാലി നിയോജകമണ്ഡലത്തിലെ മൂക്കന്നൂർ പഞ്ചായത്തിലെ വാർഡ് മൂന്നിലെ മഞ്ഞിക്കാട്- ദേവഗിരി കുടിവെള്ള പദ്ധതിയുടെ പേരിൽ വന്നിരിക്കുന്ന ഭീമമായ വൈദ്യുതി ചാർജിൽ ഇളവു നൽകുന്നതിനായി സമർപ്പിച്ചിരുന്ന അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

## കേരള നിയമസഭ
## 31.01.2014–ലെ മറുപടിക്ക്

<u>സൗജന്യ വൈദ്യുതി കണക്ഷനുകൾ</u>

3803 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൃഷിക്കാർ, എസ്.സി/ എസ്.ടി. വിഭാഗങ്ങൾ, വികലാംഗർ തുടങ്ങി ഏതെല്ലാം വിഭാഗങ്ങൾക്കാണ് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകിയത്; ഓരോ വിഭാഗത്തിനും നൽകിയ വൈദ്യുതി കണക്ഷനുകളുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നോർമൽ സ്കീമിൽ എത്ര വൈദ്യുതി കണക്ഷനുകളാണ് നൽകിയത്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏതെല്ലാം വിഭാഗങ്ങൾക്കാണ് സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകുന്നത്; ഓരോ വിഭാഗത്തിനും നൽകിയ വൈദ്യുതി കണക്ഷനുകളുടെ എണ്ണം വ്യക്തമാക്കുമോ;

(ഡി) ഈ കാലയളവിൽ നോർമൽ സ്കീമിൽ എത്ര വൈദ്യുതി കണക്ഷൻ ഇതുവരെ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 31.01.2014–ലെ മറുപടിക്ക്

<u>ചാലക്കുടി അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ആദിവാസി കോളനികളിലെ വൈദ്യുതീകരണം</u>

3804 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ആദിവാസി കോളനികളിലെ വൈദ്യുതീകരണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 31.01.2014–ലെ മറുപടിക്ക്

<u>താമസരഹിത കണക്ഷൻ</u>

3805 ശ്രീ. കെ. ശിവദാസൻ നായർ
,, വർക്കല കഹാർ
,, എ. പി. അബ്ദുളളക്കുട്ടി
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷന് അപേക്ഷിക്കുന്ന എല്ലാവർക്കും ഉടൻ തന്നെ വൈദ്യുതി നൽകാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി ഏതെല്ലാം പദ്ധതികൾ ആണ് പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ സർക്കാരിന്റെ കാലത്ത് അപേക്ഷിക്കുന്നവർക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിൽ കൈവരിച്ച പുരോഗതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് ഭരണതലത്തിൽ സ്വീകരിച്ചിട്ടുളളത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 31.01.2014–ലെ മറുപടിക്ക്

**വൈദ്യുതി കണക്ഷൻ സംബന്ധിച്ച് ഉത്തരവുകൾ മലയാളത്തിൽ ലഭ്യമാക്കാൻ നടപടി**

3806 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് സംബന്ധമായി സർക്കാരും വൈദ്യുതിബോർഡും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും പൊതുജനങ്ങൾക്ക് മലയാളത്തിൽ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 31.01.2014–ലെ മറുപടിക്ക്

<u>വയനാട് ജില്ലയിൽ നടപ്പാക്കുന്ന രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന</u>

3807 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നടപ്പാക്കുന്ന രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജനയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) നടപ്പു വർഷം പ്രസ്തുത പദ്ധതിയുടെ കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ഭൗതിക ലക്ഷ്യം എത്രയായിരുന്നുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ആയതിനായി എത്ര തുക ചെലവഴിച്ചു എന്നതിന്റെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

ഗാർഹിക - കാർഷിക ആവശ്യത്തിനായി വൈദ്യുതി കണക്ഷനുള്ള അപേക്ഷകൾ തീർപ്പാക്കാൻ നടപടി

3808 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം കെ.എസ്.ഇ.ബി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിനുകീഴിൽ ഗാർഹിക - കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷനുള്ള അപേക്ഷകൾ ഏത് തീയതി മുതൽ എത്രയെണ്ണം തീർപ്പാക്കാനുണ്ട്; എത്രയെണ്ണം ബാക്കി നിൽപുണ്ട്;

(ബി) വൈദ്യുതി കണക്ഷൻ ലഭിക്കാൻ പോസ്റ്റിന്റേതടക്കമുള്ള മുഴുവൻ ചെലവും കെട്ടിവച്ചിട്ടും കണക്ഷൻ നൽകാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) കാർഷിക ആവശ്യങ്ങൾക്കും കുടിവെള്ള പദ്ധതികൾക്കും മുൻഗണന നൽകി കണക്ഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 31.01.2014–ലെ മറുപടിക്ക്

ആർ.ജി.ജി.വൈ പദ്ധതിതിയ്ക്കായി ഉപയോഗിക്കുന്ന സാധനസാമഗ്രികളുടെ ഗുണനിലവാരം

3809 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.ജി.ജി.വൈ പദ്ധതിയ്ക്കായി ഉപയോഗിക്കുന്ന സാധന സാമഗ്രികളുടെ ഗുണനിലവാരവും പദ്ധതി നടപ്പിലാക്കുന്നതിലെ പാളിച്ചകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാധനസാമഗ്രികൾ എവിടെ നിന്നാണ് വാങ്ങിക്കുന്നതെന്നും അവയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>ആർ.ജി.ജി.വി.വൈ. പ്രകാരം കണ്ണൂർ ജില്ലയിലെ വീടുകളുടെ വൈദ്യുതീകരണം</u>

3810 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.ജി.ജി.വി.വൈ. പ്രകാരം കണ്ണൂർ ജില്ലയിൽ എത്ര വീടുകളുടെ വൈദ്യുതീകരണം പൂർത്തിയാക്കാനുണ്ടെന്ന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) ആർ.ജി.ജി.വി.വൈ. പ്രകാരം പയ്യന്നൂർ നിയോജകമണ്ഡലത്തിൽ എത്ര കരകളുടെ വൈദ്യുതീകരണം പൂർത്തിയാക്കാനുണ്ടെന്നും എത്ര പേർക്ക് വൈദ്യുതി കണക്ഷൻ നൽകാനുണ്ടെന്നും പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>ഊർജ്ജക്ഷമത കൂടിയ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് പുതിയ പദ്ധതികൾ</u>

3811 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഊർജ്ജക്ഷമത കൂടിയ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഈ ലക്ഷ്യം വെച്ച് കെൽട്രോണിൽ നിലവിൽ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് അറിയുമോ; വിശദമാക്കാമോ;

(സി) ഇക്കാര്യത്തിനായുള്ള സർക്കാരിന്റെ സാമ്പത്തിക സഹായങ്ങൾ എന്തെല്ലാം; ഏതെല്ലാം ഏജൻസികളിൽ നിന്നുമുള്ള ധനസഹായം പ്രസ്തുത ആവശ്യത്തിന് ഉപയോഗിക്കാം എന്നത് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 31.01.2014–ലെ മറുപടിക്ക്

<u>പാരമ്പരേ്യതര ഊർജ്ജ സ്രോതസ്സുകളുമായി ബന്ധപ്പെട്ട ഏജൻസികൾ</u>

3812 ശ്രീ. വി. എസ്. സുനിൽ കുമാർ
,, ഇ. കെ. വിജയൻ
,, വി. ശശി
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാരമ്പരേ്യതര ഊർജ്ജ സ്രോതസ്സുകളുമായി ബന്ധപ്പെട്ട് എത്ര ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്; ഇതിൽ പൊതുമേഖലയിൽ എത്ര; സ്വകാര്യ മേഖലയിൽ എത്ര;

(ബി) പ്രസ്തുത ഏജൻസികളെ നിയന്ത്രിക്കുന്നതിനും, ഗുണനിലവാരം ഉറപ്പാക്കുന്നതിനും എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം സംവിധാനങ്ങളാണെന്ന് വിശദമാക്കുമോ;

(സി) സൗരപാനലുകൾ വിറ്റഴിക്കുന്നതിന് എത്ര കമ്പനികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>റിന്യൂവബിൾ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി</u>

3813 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, വി. ചെന്താമരാക്ഷൻ
,, ആർ. രാജേഷ്
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 വർഷത്തിൽ റിന്യൂവബിൾ സ്രോതസ്സുകളിൽ നിന്ന് എത്ര മെഗാവാട്ട് വൈദ്യുതിയാണ് ലക്ഷ്യമിട്ടിരുന്നത്; ഇതിൽ എത്രത്തോളം കൈവരിക്കാൻ കഴിഞ്ഞു;

(ബി) എൻ.ടി.പി.സി.യുമായി ഉണ്ടാക്കിയ ധാരണാപത്രമനുസരിച്ചുള്ള കാറ്റാടി നിലയം സ്ഥാപിക്കുന്നതിൽ ഉണ്ടായ വീഴ്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ പ്രധാന കാരണമെന്താണ്;

(സി) റിന്യൂവബിൾ ഊർജ്ജ ഉത്പാദനത്തിന് ലക്ഷ്യമിട്ടിരുന്ന അക്ഷയ ഊർജ്ജ കമ്പനിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്;

(ഡി) എന്തുകൊണ്ടാണ് ഇതിന്റെ പ്രവർത്തനം ഉപേക്ഷിക്കപ്പെട്ടത് എന്നറിയിക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>കാറ്റ്, തിരമാല ഇവയിൽ നിന്നും വൈദ്യുതി</u>

3814 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാറ്റ്, തിരമാല ഇവയിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇത്തരം പദ്ധതികൾ പരമ്പരാഗത ഊർജ്ജ സ്രോതസ്സുകളെക്കാൾ ലാഭകരമായി പ്രവർത്തിപ്പിക്കുവാനാകുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

**കേരള നിയമസഭ**
**31.01.2014-ലെ മറുപടിക്ക്**

<u>വിദ്യാലയങ്ങളിൽ പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ</u>

3815 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ വിദ്യാലയങ്ങളിൽ ഉപയോഗിക്കുന്നതിന് വൈദ്യുതി വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

റിസർവോയറുകളിലും കനാലുകളിലും സൗരോർജ്ജ വൈദ്യുത പദ്ധതി

T.3816 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, എം. പി. വിൻസെന്റ്
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റിസർവോയറുകളുടെയും കനാലുകളുടെയും സ്ഥലം ഉപയോഗിച്ച് സൗരോർജ്ജ വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം തരത്തിലുള്ള ധനസഹായങ്ങളാണ് പദ്ധതി നടത്തിപ്പിനായി പ്രയോജനപ്പെടുത്തുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>സൗരവൈദ്യുതിക്ക് ഗ്രിഡ് കണക്ഷൻ</u>

3817 ശ്രീ. സണ്ണി ജോസഫ്
,, ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വീടുകളിലും സ്ഥാപനങ്ങളിലും ഉത്പാദിപ്പിക്കപ്പെടുന്ന സൗര വൈദ്യുതി, ബോർഡിന്റെ ശൃംഖലയിലേയ്ക്ക് നൽകുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സൗരവൈദ്യുതിക്ക് ഗ്രിഡ് കണക്ഷൻ ഉറപ്പാക്കണമെന്ന് കേന്ദ്ര വൈദ്യുതി അതോറിറ്റി നിർദ്ദേശിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി ചട്ടങ്ങൾക്ക് രൂപം നൽകാൻ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) വീടുകളിലും സ്ഥാപനങ്ങളിലും ഉൽപാദിപ്പിക്കപ്പെടുന്ന സൗര വൈദ്യുതി, ബാറ്ററികളിൽ ശേഖരിക്കുന്നതിനു പകരം കേന്ദ്ര ഗ്രിഡിലേക്ക് നൽകുന്നത് മൂലം ഇവയുടെ ഉത്പാദന ചെലവിൽ കുറവുണ്ടാകുമോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 31.01.2014–ലെ മറുപടിക്ക്

<u>ഗാർഹിക ഉപഭോക്താതാക്കൾക്ക് സോളാർ വൈദ്യുതപാനലുകൾ സ്ഥാപിക്കുന്നതിന് സൗജന്യം</u>

3818 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗാർഹിക ഉപഭോക്താക്കൾക്ക് സോളാർ വൈദ്യുത പാനലുകൾ സ്ഥാപിക്കുന്നതിന് എന്തെങ്കിലും സൗജന്യങ്ങൾ നല്കി വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) വലിയ വീടുകളും കെട്ടിടങ്ങളും നിർമ്മിക്കുമ്പോൾ സോളാർ വൈദ്യുതി ഉത്പാദനം നിർബന്ധമാക്കുന്നതിന് നിയമ നിർമ്മാണം നടത്തുവാൻ ഉദ്ദേശിച്ചിട്ടുണ്ടോ;

(ഡി) ചെറുകിട വൈദ്യുതി ഉപഭോക്താക്കളെ സംരക്ഷിക്കുന്നതിന് വൻകിട ഉപഭോക്താക്കളിൽ നിന്നും പ്രത്യേക 'സെസ്സ്' ഈടാക്കുവാൻ എന്തെങ്കിലും നടപടികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; ഇല്ലെങ്കിൽ ആയത് നടപ്പിലാക്കുമോ?

# കേരള നിയമസഭ
## 31.01.2014–ലെ മറുപടിക്ക്

<u>സൗരോർജ കമ്പനികൾ</u>

3819 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സൗരോർജ കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവയിൽ രജിസ്ട്രേഷൻ ഉള്ളവ ഏതെല്ലാമാണ്; രജിസ്ട്രേഷൻ ഇല്ലാത്തവ ഏതെല്ലാമാണ്;

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ കമ്പനികൾക്കും രജിസ്ട്രേഷൻ നിർബന്ധമാക്കാനും അവയുടെ പ്രവർത്തനം സർക്കാരിന്റെ നിയന്ത്രണത്തിൻ കീഴിലാക്കാനും അതുവഴി പ്രസ്തുത മേഖലയിലെ അഴിമതിയും തട്ടിപ്പും ഒഴിവാക്കാനും എന്തു നടപടി സ്വീകരിയ്ക്കും എന്നു വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തു പ്രവർത്തിക്കുന്ന സൗരോർജ കമ്പനികളിൽ കേന്ദ്ര പുനരുപയോഗ ഊർജ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചവ ഏതെല്ലാം;

(ഇ) സംസ്ഥാനത്തു നിലവിൽ പ്രവർത്തിക്കുന്ന സൗരോർജ്ജ കമ്പനികളുടെ ഉല്പന്നങ്ങൾ സംസ്ഥാന ഗവൺമെന്റോ മറ്റേതെങ്കിലും നിയോഗിക്കപ്പെട്ട ഏജൻസിയോ നിലവിൽ പരിശോധന നടത്തുന്നുണ്ടോ;

(എഫ്) ഇല്ല എങ്കിൽ ഇതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ജി) ഇപ്പോൾ അനർട്ട് സംസ്ഥാനത്ത് പ്രസ്തുത മേഖലയിൽ നടത്തിവരുന്ന പ്രവൃത്തികൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(എച്ച്) ഈ മേഖലയിലെ പ്രവൃത്തികൾക്ക് ഇപ്പോൾ നൽകിവരുന്ന കേന്ദ്ര/സംസ്ഥാന സബ്സിഡികൾ ലഭിക്കുന്നതി

നുള്ള പദ്ധതികൾ ഏതെല്ലാം എന്നും വ്യക്തമാക്കുമോ;

(ഐ) പ്രസ്തുത സബ്സിഡിയിൽ കൃത്രിമം കാണിച്ചതും, ഗുണനിലവാരം ഇല്ലാത്ത സാധനങ്ങൾ ഉപയോഗിച്ചതും സംബന്ധിച്ച പരാതികൾ സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട സംസ്ഥാനത്തു പ്രവർത്തിക്കുന്ന കമ്പനികൾ ഏതെല്ലാം;

(ജെ) ഇവയെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി പ്രവർത്തനം തടയുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 31.01.2014–ലെ മറുപടിക്ക്

<u>അനർട്ടിന്റെ പ്രവർത്തനം വിപുലീകരിക്കൽ</u>

3820 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനെർട്ടിന്റെ പ്രവർത്തനം വിപുലീകരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നുള്ള വിവരം നൽകുമോ;

(ബി) ഗാർഹിക ഉപഭോക്താക്കൾക്ക് എന്തെല്ലാം തരത്തിലുള്ള പദ്ധതികളും, സബ്സിഡികളുമാണ് നിലവിൽ അനെർട്ട് നൽകിവരുന്നത്; വിശദാംശം നൽകുമോ;

(സി) 2014–15 സാമ്പത്തികവർഷത്തിൽ എന്തെല്ലാം പദ്ധതികളാണ് അനെർട്ട് വഴി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 31.01.2014-ലെ മറുപടിക്ക്

## സൗരോർജ്ജം വ്യാപകമാക്കുന്നതിനു നടപടി

3821 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ എനർജി ഗാർഹിക ഉപയോഗത്തിനായി അനെർട്ട് മുഖാന്തിരം വ്യാപകമാക്കുന്നതിന് വൈവിദ്ധ്യമാർന്ന പദ്ധതികൾക്ക് രൂപം നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കമോ;

(ബി) അനെർട്ടിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് ഉദ്ദേശമുണ്ടോ; താലൂക്ക് അടിസ്ഥാനത്തിൽ അനെർട്ടിന്റെ ഓഫീസുകൾ വ്യാപിപ്പിച്ച് പ്രവർത്തനം വിപുലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഊജ്ജ പ്രതിസന്ധിയ്ക്ക് സൗരോർജ്ജം വ്യാപകമാക്കുന്നതിനായി സർക്കാർ തലത്തിൽ കൂടുതൽ നടപടി സ്വീകരിക്കുമോ; ഇത്തരത്തിലുള്ള പദ്ധതികൾ വിശദീകരിക്കുമോ?

# കേരള നിയമസഭ
## 31.01.2014–ലെ മറുപടിക്ക്

<u>ജൈവവാതക പദ്ധതി</u>

3822 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജൈവവാതക ഉൽപാദനപദ്ധതികൾ അജണ്ടയിലുണ്ടോ; വിശദമാക്കുമോ;

(ബി) ജൈവമാലിന്യങ്ങൾ കുന്നുകൂടുന്ന കേരളത്തിൽ, ജൈവവാതക ഊർജ്ജം ഉൽപാദിപ്പിക്കുവാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന എന്തെങ്കിലും പദ്ധതികൾ വൈദ്യുതി വകുപ്പ് ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

**കൊണ്ടോട്ടി നിയോജക മണ്ഡലത്തിൽ പുതിയ സബ്സ്റ്റേഷൻ**

3823 ശ്രീ. കെ. മുഹമ്മദുണ്ണിഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ സബ്സ്റ്റേഷനുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാം തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കൊണ്ടോട്ടി നിയോജക മണ്ഡലത്തിൽ സബ്സ്റ്റേഷൻ തുടങ്ങുന്നതിനുള്ള പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള പുരോഗതി വിശദമാക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

കിനാലൂർ 110 കെ. വി. സബ് സ്റ്റേഷന്റെ നിർമ്മാണ പുരോഗതി

3824 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലം സമ്പൂർണ്ണ വൈദ്യുതീകരണ ഉദ്ഘാടനസമ്മേളനത്തിൽ വാഗ്ദാനം ചെയ്തിരുന്ന കിനാലൂർ 110 കെ. വി. സബ് സ്റ്റേഷന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) ഇതുസംബന്ധിച്ച് ഡെപ്പോസിറ്റ് ചെയ്യാൻ കെ. എസ്. ഐ. ഡി. സി. യോട് ആവശ്യപ്പെട്ട കത്തിന്റെയും അനുബന്ധ എസ്റ്റിമേറ്റിന്റെയും പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇതുസംബന്ധിച്ച തടസ്സങ്ങൾ നീക്കുന്നതിന് കെ. എസ്. ഇ. ബി. യുടെയും കെ. എസ്. ഐ. ഡി. സി. യുടെയും അധികൃതരുടെ സംയുക്തയോഗം വിളിക്കുന്ന കാര്യം പരിഗണിക്കാമോ?

## കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

**വൈപ്പിൻ നിയോജക മണ്ഡലത്തിലെ വൈദ്യുതി സബ്സ്റ്റേഷനുകൾ**

3825

ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിൽ എത്ര വൈദ്യുതി സബ്സ്റ്റേഷനുകൾ പുതുതായി ആരംഭിച്ചുവെന്നും, ഇപ്പോൾ പ്രവർത്തനപുരോഗതിയിലുള്ള സബ് സ്റ്റേഷനുകൾ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) വൈപ്പിൻ മണ്ഡലത്തിലെ വിവിധ സെക്ഷൻ ഓഫീസ് പരിധിയിൽ പുതുതായി എത്ര വൈദ്യുതി കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) അവിടെ ഏതെല്ലാം സിംഗിൾഫേയ്സ് ലൈനുകൾ ത്രീഫെയ്സ് ലൈനാക്കി മാറ്റിയെന്നും എത്ര പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചെന്നും, എവിടെയെല്ലാമാണെന്നും ഇപ്പോൾ അംഗീകാരം ലഭിച്ചതും ഉടൻ നടപ്പിലാക്കാൻ കഴിയുന്നതുമായ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 31.01.2014–ലെ മറുപടിക്ക്

<u>പഴയ കുന്നുമ്മൽ അടയമൺ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ്</u>

3826 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യുടെ കീഴിൽ പുതിയ സെക്ഷൻ ഓഫീസുകൾ സ്ഥാപിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ പുതിയതായി എവിടെയെല്ലാമാണ് സെക്ഷൻ ഓഫീസുകൾ സ്ഥാപിക്കുവാൻ തിരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്തിലെ അടയമണിൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ?

## കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>മാവേലിക്കര മണ്ഡലത്തിലെ വള്ളികുന്ന് കേന്ദ്രീകരിച്ച് വൈദ്യുതി സെക്ഷന്‍ ഓഫീസ്</u>

3827 ശ്രീ. ആര്‍. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വള്ളികുന്ന് കേന്ദ്രീകരിച്ച് വൈദ്യുതി സെക്ഷന്‍ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ; ഇതിനായുള്ള നിര്‍ദ്ദേശം ലഭ്യമായിട്ടുണ്ടോ;

(ബി) മാവേലിക്കര മണ്ഡലത്തിലെ മാവേലിക്കര ഈസ്റ്റ് വൈദ്യുതി സെക്ഷന്‍ ഓഫീസ് ആരംഭിക്കുന്നതിനായി നിര്‍ദ്ദേശങ്ങള്‍ ലഭ്യമായിട്ടുണ്ടോ; സെക്ഷന്‍ ആഫീസ് ആരംഭിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുമോ;

(സി) ചാരുംമൂട് സെക്ഷന്‍ ആഫീസിനു സ്വന്തമായി കെട്ടിടം നിലവിലില്ല എന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇതിനുള്ള പ്രൊപ്പോസല്‍ ലഭ്യമായിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട ഫയല്‍ നമ്പര്‍ ലഭ്യമാക്കുമോ; ഇതിന്റെ നിലവിലെ സ്ഥിതിയുടെ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 31.01.2014–ലെ മറുപടിക്ക്

<u>ചാലക്കുടി പോട്ടയിലും കാടുകുറ്റിയിലും</u>
<u>പുതിയ സെക്ഷൻ ഓഫീസുകൾ</u>

3828 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് വിഭജിച്ച് പോട്ടയിലും, കൊരട്ടി ഓഫീസ് വിഭജിച്ച് കാടുകുറ്റിയിലും പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ, ഇതിനായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>പുതിയതായി ഇലക്ട്രിക്കൽ സർക്കിളുകളും ഡിവിഷനുകളും</u>

3829 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി ഇലക്ട്രിക്കൽ സർക്കിളുകളും ഡിവിഷനുകളും അനുവദിച്ചു ഉത്തരവായിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം എന്നത് ഉത്തരവിന്റെ പകർപ്പ് സഹിതം വ്യക്തമാക്കുമോ;

(ബി) ഇവ എന്നത്തേക്ക് പ്രവർത്തിച്ചു തുടങ്ങുമെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**31.01.2014-ലെ മറുപടിക്ക്**

<u>കെ. എസ്. ഇ. ബി. അസിസ്റ്റന്റ് എഞ്ചിനീയര്‍ (ഇലക്ട്രിക്കല്‍) നിയമനങ്ങള്‍</u>

3830

ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ. എസ്. ഇ. ബി. അസിസ്റ്റന്റ് എഞ്ചിനീയര്‍ (ഇലക്ട്രിക്കല്‍) തസ്തികയിലേക്കുള്ള പി. എസ്. സി. റാങ്ക്ലിസ്റ്റ് നിലവില്‍ വന്നതെപ്പോഴാണെന്ന് അറിയുമോ; ഇതുവരെ എത്ര പേര്‍ക്ക് നിയമനം നല്‍കിയിട്ടുണ്ട്; എത്ര ഒഴിവുകള്‍ പി. എസ്. സി.ക്ക് റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ട്;

(ബി) നിരവധി ഒഴിവുകള്‍ ഉണ്ടായിട്ടും നിയമനം വൈകുന്നത് എന്തുകൊണ്ടാണ്; വിശദമാക്കുമോ?

# കേരള നിയമസഭ
## 31.01.2014–ലെ മറുപടിക്ക്

<u>സബ് എഞ്ചിനീയർ / അസിസ്റ്റന്റ് എഞ്ചിനീയർ പ്രമോഷൻ</u>

3831 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പിൽ പല സെക്ഷൻ ഓഫീസുകളിലും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക ഒഴിഞ്ഞുകിടക്കുന്നതു മൂലം ഉണ്ടാവുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് സബ് എഞ്ചിനീയർ തസ്തികയിൽ നിന്നും അർഹരായവർക്ക് പ്രമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 31.01.2014–ലെ മറുപടിക്ക്

കാലപ്പഴക്കംചെന്ന ബോഗികൾ മാറ്റി പുതിയവ ലഭ്യമാക്കുന്നതിനും, പുതിയ ട്രെയിനുകൾ ലഭ്യമാക്കുന്നതിനും നടപടി

3832 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലൂടെയോടുന്ന ട്രെയിനുകളിലെ ബോഗികളുടെ കാലപ്പഴക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാലപ്പഴക്കമുളള ബോഗികളുമായി ഓടുന്ന തീരദേശ ട്രെയിനുകൾ പലപ്പോഴും അപകടങ്ങൾക്ക് കാരണമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുവാനും കാലപ്പഴക്കം ചെന്ന ബോഗികൾ മാറ്റി പുതിയവ ലഭ്യമാക്കുന്നതിനും പുതിയ ട്രെയിനുകൾ ലഭിക്കുന്നതിനും സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ എത്ര പുതിയ ട്രെയിനുകളും എത്ര പുതിയ ബോഗികളും ലഭിച്ചു എന്ന് വ്യക്തമാക്കുമോ;

## കേരള നിയമസഭ
## 31.01.2014–ലെ മറുപടിക്ക്

കായംകുളം റെയിൽവേസ്റ്റേഷനിൽ വാഹനങ്ങൾക്ക് പാർക്കിംഗ് സംവിധാനം

3833 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം റയിൽവേ സ്റ്റേഷനെ ജംഗ്ഷനായി ഉയർത്തിയിട്ടും യാത്രക്കാരുടെ വാഹനങ്ങൾ പാർക്ക് ചെയ്യാനുളള സ്ഥിരമായ സംവിധാനം ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനാവശ്യമായ പാർക്കിംഗ് ഷെഡ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>കൊരട്ടി റെയിൽവേ സ്റ്റേഷനിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി</u>

T.3834 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊരട്ടി റെയിൽവേ സ്റ്റേഷനിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിൽ അനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഇനിയും ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നും അറിയിക്കുമോ;

(ബി) ആയിരക്കണക്കിന് യാത്രക്കാർ നിത്യേന എത്തുന്ന കൊരട്ടി റെയിൽവേ സ്റ്റേഷനിൽ പുനലൂർ - ഗുരുവായൂർ ട്രെയിൻ നിർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 31.01.2014–ലെ മറുപടിക്ക്

<u>ഗുരുവായൂർ – ചെന്നൈ എഗ്മൂർ എക്സ്പ്രസ്സ് ട്രെയിനിൽ കൂടുതൽ സ്ലീപ്പർ ക്ലാസ്സ് കമ്പാർട്ടുമെന്റുകൾ</u>

3835 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 16128 –ാം നമ്പർ ഗുരുവായൂർ – ചെന്നൈ എഗ്മൂർ എക്സ്പ്രസ്സ് ട്രെയിനിൽ നിലവിൽ എത്ര സെക്കന്റ് ക്ലാസ്സ് സ്ലീപ്പർ കമ്പാർട്ടുമെന്റുകളാണുള്ളത്;

(ബി) പ്രസ്തുത ട്രെയിനിൽ കൂടുതൽ സ്ലീപ്പർ ക്ലാസ്സ് കമ്പാർട്ടുമെന്റുകൾ അനുവദിക്കുന്നതിന് എന്തെങ്കിലും നടപടി റെയിൽവേയുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 31.01.2014–ലെ മറുപടിക്ക്

<u>ചാലക്കുടി റെയിൽവേ സ്റ്റേഷനിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ നടപടി</u>

T.3836 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദർശ് സ്റ്റേഷനാക്കി ഉയർത്തിയ ചാലക്കുടി റെയിൽവേ സ്റ്റേഷനിൽ രണ്ടാം പ്ലാറ്റ്ഫോമിലേയ്ക്ക് ഹൈലെവൽ പ്ലാറ്റ് ഫോമുകളും, ടോയ്‌ലറ്റുകളും, സീറ്റിംഗ് സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടതിൻ പ്രകാരം എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ചാലക്കുടി ഡിവൈൻ നഗർ സ്റ്റേഷനിൽ ആഴ്ചയിൽ 3 ദിവസം സ്റ്റോപ്പുള്ള കുർല എക്സ്പ്രസ്സ് ട്രെയിനിന് മറ്റു നാലു ദിവസങ്ങളിൽ ചാലക്കുടി സ്റ്റേഷനിൽ സ്റ്റോപ്പ് അനുവദിക്കുന്നതിനും, കൊച്ചുവേളി – ബാംഗ്ലൂർ പ്രതിദിന ട്രെയിൻ, ആലപ്പുഴ – ധർബാദ് ട്രെയിൻ എന്നീ വണ്ടികൾക്ക് ചാലക്കുടി സ്റ്റേഷനിൽ സ്റ്റോപ്പ് അനുവദിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**31.01.2014–ലെ മറുപടിക്ക്**

<u>മലിനീകരണനിയന്ത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ പദ്ധതി</u>

3837 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ആർ. സെൽവരാജ്
,, വർക്കല കഹാർ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലിനീകരണനിയന്ത്രണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് ഭരണതലത്തിൽ മാറ്റങ്ങൾ വരുത്താൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ശാസ്ത്ര ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 31.01.2014–ലെ മറുപടിക്ക്

<u>മാവേലിക്കര കോട്ടത്തോടിന്റെ പുനരുദ്ധാരണം</u>

3838 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ കോട്ടത്തോടിന്റെ പുനരുദ്ധാരണത്തിന് മലിനീകരണ നിയന്ത്രണ ബോർഡ് തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് വകയിരുത്തിയിട്ടുളളത്;

(ബി) തുക വിനിയോഗിക്കുന്നതിനുളള അടിയന്തിര നടപടി സ്വീകരിക്കുമോ?